E - Mail : vpkpala@gmail.com
Website : www.ecatpala.com

PHONE : 04822 - 210811

# VISWASA PARISEELANA KENDRAM

## EPARCHY OF PALAI

SHALOM PASTORAL CENTRE, PALAI - 686675

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, പ്രഥമാദ്ധ്യാപകരെ,

2020 – 2021 വിശ്വാസപരിശീലനവർഷം Online Catechism ക്ലാസ്സുകളുമായി ജൂലൈ 5 ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ഈ ക്ലാസ്സുകൾ ഫലപ്രദമായി നടത്തുന്നതിലേക്കായി ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ.

1. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ഒരുക്കമായുള്ള വിശ്വാസപരിശീലനവർഷ ഉദ്ഘാടന സന്ദേശം നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നൽകുന്നതാണ്. 2020 ജൂലൈ 3-ാം തീയതി ദുക്റാനതിരുനാൾ ദിനത്തിൽ നമ്മുടെ രൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനലിൽ ഇത് കാണാവുന്നതാണ്. (സമയം : 10.30 am)

2. Online Catechism ക്ലാസ്സുകൾക്കായി എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇനിയും ആരെങ്കിലും പാഠപുസ്തകം വാങ്ങിച്ച് കുട്ടികൾക്ക് നൽകാനുണ്ടെങ്കിൽ എത്രയും വേഗം അത് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

3. വീടുകളിലിരുന്നാണല്ലോ കുട്ടികൾ ഈ വിശ്വാസപരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുന്നത്. മാതാപിതാക്കന്മാരുടെ ശ്രദ്ധയും കരുതലും സാന്നിദ്ധ്യവും സഹകരണവും ഈ പരിശീലനപദ്ധതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. അതിനാൽ, മാതാപിതാക്കന്മാർ ഈ വിശ്വാസപരിശീലനക്ലാസ്സുകളിൽ കുട്ടികളോടൊപ്പം സജീവമായി പങ്കാളികളാകുന്നതിനെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദേശങ്ങൾ നൽകുന്നത് വളരെ നല്ലതായിരിക്കും.

4 I മുതൽ III വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി വീഡിയോ ക്ലാസ്സുകളും IV മുതൽ XII വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി Document Type ക്ലാസ്സുകളുമാണ് നൽകുന്നത്.

5. നമ്മുടെ രൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനൽ വഴിയാണ് വീഡിയോ ക്ലാസ്സുകൾ നൽകുന്നത്. അവയുടെ link മുൻകൂട്ടി Whats App ഗ്രൂപ്പുകൾ വഴി നിങ്ങൾക്ക് അയച്ചു തരുന്നതാണ്. **ഈ ക്ലാസ്സുകൾ ജൂലൈ 5 ഞായറാഴ്ച രാവിലെ 10 മണിക്കാണ് ആക്ടീവാകുന്നത് എന്നുള്ള കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.** ഓരോ ക്ലാസ്സിന്റെയും വീഡിയോയുടെ link അതാതു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അയച്ചുകൊടുക്കേണ്ടതാണ്. (ഒന്നാം ക്ലാസ്സിന്റെ വീഡിയോ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് അയച്ചുകൊടുക്കുക. അങ്ങനെ തന്നെ രണ്ടാം ക്ലാസ്സിനും മൂന്നാം ക്ലാസ്സിനും). താഴ്ന്ന ക്ലാസ്സുകളിൽ മാതാപിതാക്കന്മാർ കുട്ടികളുടെ കൂടെയിരുന്ന് പാഠപുസ്തകം പരിചയപ്പെടുത്തുകയും വീഡിയോ ക്ലാസ്സ് കാണിച്ചുകൊടുക്കുകയും വേണം.

6. IV മുതൽ XII വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് Document Type ക്ലാസ്സാണ് നൽകുന്നത്. ഓരോ ക്ലാസ്സിനും പ്രത്യേകം Documented ക്ലാസ്സുണ്ടായിരിക്കും. PDF ഫോർമാറ്റിൽ തരുന്ന ഈ ക്ലാസ്സ് Whats App ഗ്രൂപ്പുകൾ വഴി നിങ്ങൾക്ക് അയച്ചുതരുന്നതാണ്. ഓരോ ക്ലാസ്സിന്റെയും PDF Document അതാത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അയച്ചുകൊടുക്കണം. ഈ Document ൽ ആമുഖ പ്രാർത്ഥന, വിശുദ്ധ ഗ്രന്ഥ വായനയ്ക്കുള്ള ഭാഗങ്ങൾ, പാഠഭാഗത്തിലെ ഒന്നാം അദ്ധ്യായത്തിന്റെ വിശദീകരണം,

പഠിക്കേണ്ട നമസ്കാരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ, ലോഗോസ് ക്വിസ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ കുട്ടികൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് അതാത് ക്ലാസ്സുകളിലെ അദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

7. ഓരോ ഞായറാഴ്ചയും ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ഇടവകയിൽ നിന്ന് നിശ്ചയിച്ചുകൊടുക്കുന്ന സമയപരിധിക്കുള്ളിൽ കുട്ടികൾ ചെയ്തുതീർത്ത് അദ്ധ്യാപകർക്ക് അയച്ചുകൊടുക്കുന്നത് പരിഗണിച്ച് അതാത് ഞായറാഴ്ചകളിലെ ഹാജർ എടുക്കാവുന്നതാണ്.

8. പാഠപുസ്തകവും നൽകുന്ന Online Catechism പഠനോപാധികളുമുപയോഗിച്ച് കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് വിശ്വാസപരിശീലനം നടത്തുന്ന രീതി പ്രോത്സാഹിപ്പിക്കണം.

9. IV മുതൽ XII വരെ ക്ലാസ്സുകളിലെക്ക് നൽകുന്ന Document Type ക്ലാസ്സ് ആവശ്യമെങ്കിൽ print copy എടുത്ത് ഉപയോഗിക്കാവുന്നതാണ്.

10. ഇന്ന് നൽകുന്ന ക്ലാസ്സുപയോഗിച്ചാണ് ജൂലൈ 5, ജൂലൈ 12 എന്നീ ഞായറാഴ്ചകളിൽ വിശ്വാസപരിശീലനം നടത്തേണ്ടത്.

11. ഞായറാഴ്ചകളിൽ 11 am മുതൽ 12.30 pm വരെയുള്ള സമയം online വിശ്വാസപരിശീലന ക്ലാസ്സുകൾക്കായി പൊതുവിൽ നിർദ്ദേശിക്കാവുന്നതാണ്.

12. ഈ നവീന വിശ്വാസപരിശീലനപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്ത് സഹകരിക്കണമെന്ന് ബഹു. വികാരിയച്ചന്മാരോടും കൊച്ചച്ചന്മാരോടും വിശ്വാസപരിശീലകരോടും അഭ്യർത്ഥിക്കുന്നു. നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ പിന്തുണയ്ക്കും നന്ദി പറയുന്നു.

Online Catechism ക്ലാസ്സുകൾ തയ്യാറാക്കുന്നതിന് നിലവിൽ പ്രത്യേകമായി സഹകരിക്കുന്ന പാലാ കത്തീഡ്രൽ, കുറവിലങ്ങാട്, അരുവിത്തുറ, പാളയം എന്നീ സൺഡേസ്കൂളുകൾക്ക് പ്രത്യേകം നന്ദി.

സ്നേഹപൂർവ്വം,

ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ
(ഡയറക്ടർ)

ഷലോം
01.07.2020